**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1614** **01-02-2024 - ൽ മറുപടിയ്ക്ക്**

**കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 11/12/2018 തീയതിയിൽ നിർമ്മാണം ആരംഭിച്ച കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനം സ്വകാര്യ വ്യക്തികൾ നൽകിയ കേസുകൾ മൂലം താത്കാലികമായി നിർത്തി വയ്ക്കുകയും കേസുകളിൽ സർക്കാറിന് അനുകൂലമായി വിധി വന്നതിനാൽ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ പാലക്കാട് ജില്ലാ രജിസ്ട്രാർ (ജനറൽ)ക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. നിർമ്മാണപ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പിന്മാറിയിട്ടുള്ളതിനാൽ റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി പുതിയ കരാർ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (ബി) | സർക്കാരിന് അനുകൂലമായി കേസ് തീർപ്പായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ